## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3770. 30.01.2014 ൽ മറുപടിയ്ക്ക്.

**മോട്ടോർവാഹന വകുപ്പ് വഴിയുള്ള വരുമാന വർദ്ധന**

| ചോദ്യം<br>ഡോ . കെ.ടി. ജലീൽ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) മോട്ടോർ വാഹന വകുപ്പ് പെർമിറ്റ് ഉൾപ്പെടെ എന്തെല്ലാം ഇനത്തിലുള്ള ഫീസ് നിരക്കുകളിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും ഏത് തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ; | (എ) & (ബി) | 01/11/2013 തീയതി മുതലാണ് ഫീസ് നിരക്കുകളിലുള്ള മാറ്റം പ്രാബല്യത്തിൽ വന്നത്. ആയത് പ്രകാരം ഫീസ് നിരക്കുകളിൽ വരുത്തിയ മാറ്റങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഓരോ ഇനം നിരക്ക് വർദ്ധനയും നിലവിലുള്ള നിരക്കിന്റെ എത്ര ശതമാനം വീതമാണ് ; | | |
| (സി) നിരക്ക് വർധനയോടെ പ്രതിവർഷം എന്ത് തുക അധിക വരുമാനമായി ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട് ; | (സി) | നിരക്ക് വർദ്ധനയിലൂടെ പ്രതിവർഷം ഏകദേശം 17 കോടിയുടെ അധിക വരുമാനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ഡി) നടപ്പു വർഷം മോട്ടോർവാഹന വകുപ്പ് മുഖേന ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം എത്ര കോടിയായിരുന്നുവെന്നറിയിക്കുമോ ? | (ഡി) | നടപ്പു വർഷം മോട്ടോർ വാഹന വകുപ്പ് മുഖേന ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന വരുമാനം 2570.65 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

ഫീസ് നിരക്കുകളിൽ വരുത്തിയ മാറ്റങ്ങൾ :

| | | | | |
|---|---|---|---|---|
| 1 | ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് ലഭിക്കുന്നതിന് (വർദ്ധനവ് 150%) | | | 500/- രൂപ. |
| 2 | ഡ്യൂപ്ലിക്കേറ്റ് കണ്ടക്ടർ ലൈസൻസിന് (വർദ്ധനവ് 300%) | | | 200/- രൂപ. |
| 3 | ടെമ്പററി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനും , ടെമ്പററി രജിസ്ട്രേഷന്റെ കാലാവധി ഓരോ പ്രാവശ്യം പുതുക്കുന്നതിനും (വർദ്ധനവ് 100 %) | | | 100/- രൂപ. |
| 4 | മോട്ടോർ വാഹന നിയമത്തിലെ 88 (8) വകുപ്പ് പ്രകാരം ബസ്സിന് സ്പെഷ്യൽ പെർമിറ്റിന് (വർദ്ധനവ് 50 %) | | | 500/- രൂപ. |
| 5 | മോട്ടോർ വാഹന നിയമത്തിലെ 88 (8) വകുപ്പ് പ്രകാരം മറ്റു വാഹനങ്ങൾക്ക് സ്പെഷ്യൽ പെർമിറ്റ് നൽകുന്നതിന് (വർദ്ധനവ് 25 %) | | | 250/- രൂപ |
| 6 | ഗുഡ്സ് കാര്യേജുകൾക്ക് നാഷണൽ പെർമിറ്റ് നൽകുന്നതിന് (വർദ്ധനവ് 66.6 %) | | | 2500/- രൂപ |
| 7 | 1989 ലെ കേരള മോട്ടോർവാഹന ചട്ടം 102 പ്രകാരമുള്ള കുറ്റങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുമ്പോൾ. | | | |
| | എ | കാലതാമസം 3 മാസത്തിൽ കൂടാത്ത അവസരത്തിൽ (വർദ്ധനവ് 166 % ഉം, 100 % ഉം വീതം) | NTV<br>TV | 100/- രൂപ.<br>200/- രൂപ. |
| | ബി | കാലതാമസം 3 മാസത്തിൽ കൂടുതലും 6 മാസത്തിൽ കൂടാത്തതുമായ അവസരത്തിൽ (വർദ്ധനവ് 200% ഉം, 166.6 % ഉം വീതം) | NTV<br>TV | 300/- രൂപ.<br>200/- രൂപ. |
| | സി | കാലതാമസം 6 മാസത്തിൽ (വർദ്ധനവ് 400 % ഉം, 200 % ഉം വീതം) | NTV<br>TV | 500/- രൂപ.<br>300/- രൂപ. |
| 8 | എ | ഓട്ടോറിക്ഷയ്ക്കും, മോട്ടോറൈസ്ഡ് സൈക്കിൾ റിക്ഷയ്ക്കുമുള്ള പെർമിറ്റ് ഫീസ് - (വർദ്ധനവ് 20%) | | 300/- രൂപ. |
| | ബി | മോട്ടോർ കാബ് പെർമിറ്റ് ഫീസ് - (വർദ്ധനവ് 40%) | | 700/- രൂപ. |
| | സി | 13 മുതൽ 20 വരെ സീറ്റുകളുള്ള കോൺട്രാക്ട് കാര്യേജ് പെർമിറ്റിന് - (വർദ്ധനവ് 20%) | | 3000/-രൂപ. |
| | ഡി | 20 സീറ്റുകളിൽ കൂടുതലുള്ള കോൺട്രാക്ട് കാര്യേജ് പെർമിറ്റിന് - (വർദ്ധനവ് 16.6 %) | | 3500/- രൂപ. |
| | ഇ | പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ പെർമിറ്റ് - (വർദ്ധനവ് 100 %) | | 1000/- രൂപ. |
| | എഫ്. | ലൈറ്റ് ഗുഡ്സ് വെഹിക്കിൾ ഒഴികെയുള്ള ഗുഡ്സ് കാര്യേജ് പെർമിറ്റ് (വർദ്ധനവ് 50 %) | | 1500/- രൂപ. |
| | ജി | സ്റ്റേജ് കാര്യേജ് പെർമിറ്റ് (വർദ്ധനവ് 10 %) | | 5500/- രൂപ. |
| | എച്ച് | ലൈറ്റ് ഗുഡ്സ് വെഹിക്കിൾ ഒഴികെയുള്ള മറ്റു ഗുഡ്സ് വാഹനങ്ങളുടെ | | 400/- രൂപ. |

| | | | |
|---|---|---|---|
| | | ടെമ്പററി പെർമിറ്റ് (വർദ്ധനവ് 60 %) | |
| | ഐ | ലൈറ്റ് ഗുഡ്സ് വെഹിക്കിൾ പെർമിറ്റ് - സ്ഥിരം<br>താൽക്കാലികം | 1000/- രൂപ<br>250 /-രൂപ |
| | ജെ | മോട്ടോർവാഹന നിയമം 88(9) പ്രകാരം ടൂറിസ്റ്റ് പെർമിറ്റിന് -<br>(വർദ്ധനവ് 50 %) മോട്ടോർ കാബിന്<br>(വർദ്ധനവ് 25 %) ബസ്സിന് | <br>1500 /- രൂപ<br>2500/- രൂപ |